വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ

62. [1844] ശ്രീ. സത്യൻ മൊകേരി :
,, കൃഷ്ണൻ കണിയാംപറമ്പിൽ :
പ്രൊഫസർ മീനാക്ഷി തമ്പാൻ :
,, എൻ. രാജൻ :
,, എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളിലും വിനോദസഞ്ചാര കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള തീരപ്രദേശങ്ങളിലും അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാമാണ് ഇത്തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തുകയുണ്ടായിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ തടയുന്നതിന് എന്തു നടപടി സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിനോദസഞ്ചാര കേന്ദ്രമായ കോവളത്ത് അനധികൃത നിർമ്മാണം നടത്തുന്നതായി ശ്രദ്ധയിൽപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ കോവളത്തിന്റെ വികസനത്തിനായി രൂപീകരിച്ച കോവളം ഡെവലപ്പ്മെന്റ് ഏജൻസി മുഖേന, മേൽപ്പറഞ്ഞ രീതിയിലുള്ള അനധികൃത നിർമ്മാണ പ്രവർത്തനം നിർത്തിവെയ്ക്കാൻ നിർദ്ദേശിക്കുകയും മേലിൽ ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകരുതെന്ന് വിഴിഞ്ഞം പഞ്ചായത്തിനോടും, തദ്ദേശസ്വയംഭരണ വകുപ്പിനോടും ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(സി, ഡി) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളോട് ഇത്തരം നിർമ്മാണ പ്രവർത്തനങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുവാൻ ആവശ്യപ്പെടുന്നതാണ്. ഇത്തരം നിയമാനുസൃതമല്ലാത്ത കാര്യങ്ങൾ ഭാവിയിൽ തടയാനായി പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങൾ ബന്ധപ്പെടുത്തി ഡെവലപ്പ്മെന്റ് അതോറിറ്റികൾ രൂപീകരിക്കാനും ഇതിനുള്ള നിയമ നിർമ്മാണം നടത്താനും സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly